പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3376 — 20/06/2018 ൽ മറുപടിയ്ക്ക്.

## മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**മറുപടി**
**പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെൽ മുഖേന ലഭിച്ച പരാതികളെത്ര; വകുപ്പ് തിരിച്ചുള്ള കണക്ക് നൽകുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുനഃ സംഘടിക്കപ്പെട്ട പരാതി പരിഹാര സംവിധാനമായ CMO പോർട്ടലിലൂടെ ആകെ 129880 പരാതികൾ ലഭിച്ചു. ആയതിൽ 20570 പരാതികൾ പൂർണമായും തീർപ്പുകല്പിച്ചിട്ടുണ്ട്. 49992 പരാതികളിന്മേൽ വകുപ്പ് തലത്തിൽ റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ട്. ആയവ വിവിധ തലത്തിൽ പരിശോധനയിലാണ്. 59230 പരാതികളിൽ വകുപ്പുതലത്തിൽ റിപ്പോർട്ട് തയ്യാറായിട്ടില്ല. വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇവയിൽ ഇനി തീർപ്പാക്കാനുള്ളവയുടെ വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | | |
| (സി) | പരാതികൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി കരുതുന്നുണ്ടോ; | (സി) | കോടതി വ്യവഹാരത്തിൽ പെട്ട കേസുകളിലും ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന വേണ്ടിവരുന്ന കേസുകളിലും സ്വാഭാവികമായ കാലതാമസം നേരിടുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇവ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.